(എ) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ഭൂഗർഭജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഈ പദ്ധതികൾ ഏത് വർഷങ്ങളിലാണ് ആരംഭിച്ചത്; ഇതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിന് എന്തെങ്കിലും നിയമനിർമ്മാണ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് മുൻസർക്കാരിന്റെ കാലത്ത് നിയമനിർമ്മാണത്തിനായി നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ ഈ നടപടികൾ തുടർന്നു കൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഭൂഗർഭജലം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഭൂജലവകുപ്പ് 1999-2000 സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

1. ഭൂജലപര്യവേഷണവും വികസനവും.
2. ഭൂജലനിയന്ത്രണവും ക്രമീകരണവും.
3. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി
4. കേരളാ ഫെയിൽഡ്‌വെൽ കോംപൻസേഷൻ സ്കീം.
5. സാമൂഹ്യജലസേചന പദ്ധതി.
6. ഹൈഡ്രോളജി പ്രോജക്ട്.

(ബി) ഈ പദ്ധതികൾ ആരംഭിച്ച വർഷം ചെലവഴിച്ച തുക എന്നിവ അനുബന്ധമായി† ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. അസന്തുലിതവും അശാസ്ത്രീയവുമായ ഭൂജലവികസനം സൃഷ്ടിക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുകയും ലഭ്യമായ ഭൂജലം ശാസ്ത്രീയമായി വികസിപ്പിച്ച് കാര്യക്ഷമമായി ഉപയോഗിക്കുകയും ചെയ്യുന്നു എന്ന ലക്ഷ്യത്തോടെ (ഭൂജലഉപയോഗം നിയന്ത്രണവും ക്രമീകരണവും) ഒരു ബിൽ പരിഗണനയിലാണ്. ഇതിന്റെ കരട് രൂപം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അയച്ച അഭിപ്രായങ്ങൾ ശേഖരിച്ചുവരികയാണ്. സുപ്രീംകോടതിയുടെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരമാണ് നിയമനിർമ്മാണം കൊണ്ടുവരുന്നത്.

(ഡി) സ്വീകരിച്ചുവരുന്നു. ഈ നടപടികൾ തുടർന്നുകൊണ്ടുപോകാനാണ് പരിപാടിയിട്ടിരിക്കുന്നത്.

(1823) എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം കൊടുക്കുന്ന പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ വർഷം എത്ര പദ്ധതികൾ ആരംഭിച്ചു;

(ബി) എത്ര എണ്ണം പൂർത്തിയാക്കി ജലവിതരണം തുടങ്ങി;

(സി) ഇനിയും പൂർത്തിയാക്കാനുള്ളവ എത്ര;

(ഡി) അവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ടായിരാമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതിയുമായി ബന്ധപ്പെടുത്തി ഈ വർഷം 651 വാർഡുകളിൽ ശുദ്ധജലമെത്തിക്കുന്നതിന് 43.16 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് ധനാനുമതി നൽകി. പണികൾ ആരംഭിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ ആരംഭിച്ചതും ഇപ്പോൾ പണി നടന്നുവരുന്നതുമായ 48 പ്രധാന പദ്ധതികൾ കൂടി ഈ വർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ലക്ഷ്യമിട്ട 48 പദ്ധതികളിൽ 3 പദ്ധതികൾ പൂർണ്ണമായും, 8 പദ്ധതികൾ ഭാഗികമായും പൂർത്തിയാക്കി ജലവിതരണം ആരംഭിച്ചു. പൂർത്തിയാക്കിയ പദ്ധതികളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.† കൂടാതെ എൻ.സി./പി.സി. ഹാബിറ്റേഷനുകൾക്കുള്ള 31 ചെറിയ പദ്ധതികളും പൂർത്തിയാക്കി.

(സി) മേൽ സൂചിപ്പിച്ച 48 പ്രധാന പദ്ധതികളിൽ 37 പദ്ധതികൾ ഇനിയും പൂർത്തിയാക്കാനുണ്ട്. കൂടാതെ ഭാഗികമായി പൂർത്തിയാക്കിയ 8 പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യാനുണ്ട്.

(ഡി) ഈ പദ്ധതികളിൽ ഭൂരിഭാഗവും ഈ സാമ്പത്തികവർഷവും അടുത്ത സാമ്പത്തികവർഷവുമായി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(1824) കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഗ്രാമങ്ങൾ

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമങ്ങളിൽ കുടിവെള്ളമെത്തിക്കാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇക്കാര്യത്തിനായി ഇപ്പോൾ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്?

ഉത്തരം

(എ) "2000-ാം മാണ്ടോടെ "എല്ലാവർക്കും കുടിവെള്ളം" എന്ന പദ്ധതി ജല അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഭൂജലവകുപ്പ് എന്നിവയുടെ സംയുക്ത സംരംഭത്തോടെ നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.